(ബി) സാമ്പത്തിക വർഷത്തിന്റെ ആദ്യവർഷം മുതൽ തന്നെ പദ്ധതി നിർവ്വഹണം സാദ്ധ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010-11-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി ലഭ്യമാകുന്ന തനി തുക 2005,96,99,000 രൂപയാണ്. ഇതിൽ 2010 നവംബർ 30 വരെ 644,34,23,819 രൂപ ചെലവഴിച്ചു. ഇത് പദ്ധതി വിഹിതത്തിന്റെ 32.12% ആണ്.

(ബി&സി) സ്പിൽ ഓവർ പദ്ധതികൾ സാമ്പത്തിക വർഷം ആരംഭം മുതൽ തന്നെ നടപ്പിലാക്കുന്നതിനും മഴക്കാലത്തിന് മുമ്പ് പൂർത്തിയാക്കേണ്ട പ്രോജക്ടുകൾ ഒന്നാം ഘട്ടമായി അംഗീകാരം വാങ്ങി നടപ്പിലാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നു. ആയതിനാൽ സാമ്പത്തിക വർഷത്തിന്റെ ആദ്യപാദം മുതൽ തന്നെ പദ്ധതി നിർവ്വഹണം ആരംഭിക്കുവാൻ ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഒന്നാംഘട്ട പ്രോജക്ടുകൾ യഥാസമയം ഡി.പി.സി.-യ്ക്ക് സമർപ്പിക്കാത്തതിനാൽ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക വർഷാരംഭം മുതൽ പദ്ധതി നിർവ്വഹണം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

പ്ലാൻ ഫണ്ടിൽ നിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച തുക

139 (1897) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷം പ്ലാൻ ഫണ്ടിൽ നിന്നും സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്ത് തുക ലഭിച്ചു ;

(ബി) ഇതിൽ എന്ത് തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അലോട്ട് ചെയ്തുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിൽ എന്ത് തുക 1-12-2010 വരെ ചെലവ് ചെയ്തുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്ലാൻ ഫണ്ടിൽ നിന്നും ലഭിച്ച തുകയിൽ എന്തു തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെലവ് ചെയ്യാതെ മറ്റ് അക്കൗണ്ടുകളിലേക്ക് മാറ്റേണ്ടി വന്നുവെന്ന് വിശദമാക്കുമോ ;

(ഇ) പ്ലാൻ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെലവ് ചെയ്യുന്നതിന് ഉണ്ടാകുന്ന കാലതാമസം എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(എഫ്) ഇത് പരിഹരിക്കുന്നതിന് സർക്കാർ നാളിതുവരെ എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ജി) സർക്കാരിന്റെ നിർദ്ദേശങ്ങൾ അവഗണിച്ച് പ്ലാൻ ഫണ്ട് മുഴുവൻ ചെലവാക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ സർക്കാർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2010-11-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി ലഭ്യമാകുന്ന തനി തുക 2005,96,99,000 രൂപയാണ്.

(ബി) 1605,01,15,700 രൂപ.

(സി) 644,34,23,819 രൂപ.

(ഡി) ആഡിറ്റ് നടപടികൾ പൂർത്തിയായാൽ മാത്രമേ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

(ഇ) തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് പൊതുതെരഞ്ഞെടുപ്പ് നടന്നതിന്റെ ഭാഗമായി പെരുമാറ്റച്ചട്ടം നിലവിലിരുന്ന കാലയളവിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് ഗ്രാമ/വാർഡ് സഭകൾ വിളിച്ചു ചേർക്കുന്നതിനോ പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനോ കഴിയുമായിരുന്നില്ല. ഇതുകാരണം പദ്ധതി നിർവ്വഹണത്തിൽ കാലതാമസമുണ്ടായിട്ടുണ്ട്. അകാലത്തിൽ പെയ്ത മഴയും പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാലതാമസം വരുത്തുന്നതിന് കാരണമായിട്ടുണ്ട്.

(എഫ്) മരാമത്ത് പ്രവൃത്തികളുടെ ചുമതല എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരുടേയും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരുടേയും പരിശീലന യോഗങ്ങളിൽ പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

(ജി) പദ്ധതി തുക നഷ്ടപ്പെടാതിരിക്കണമെങ്കിൽ 80 ശതമാനത്തിൽ കുറയാതെ സാമ്പത്തിക വർഷം ചെലവഴിക്കേണ്ടതുണ്ട്. ചെലവ് ശതമാനം 80 ശതമാനത്തിൽ താഴെയാണെങ്കിൽ 80 ശതമാനം ചെലവ് ആകുന്നതിൽ കുറവ് വന്ന തുക നഷ്ടപ്പെടുന്നതാണ്.

പ്ലാൻ ഫണ്ടിന്റെ വിനിയോഗം

140 (1898) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടിന്റെ ശരാശരി എത്ര ശതമാനം കൈമാറുന്നുണ്ടെന്നും ഈ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ എന്നും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly